# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2882** **07.12.2018 ലെ മറുപടി**

## തിരുവമ്പാടി മണ്ഡലത്തിലെ പുഴകളുടേയും തോടുകളുടേയും തീരസംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ് :** | **കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മഹാപ്രളയത്തിൽ വൻതോതിൽ നാശം സംഭവിച്ച തിരുവമ്പാടി മണ്ഡലത്തിലെ പുഴകളുടേയും തോടുകളുടേയും തീരം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വിശദമാക്കുമോ; | (എ) 2018-ലെ പ്രളയത്തിൽ ജലസേചന വകുപ്പിന് കീഴിൽ സംസ്ഥാന ത്തൊട്ടാകെയുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 1068 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (ബി) മണ്ഡലത്തിൽ നിന്നും ഭരണാനുമതിക്കായി സമർപ്പിച്ച ജലസേചന - ചെറുകിട ജലസേചന പ്രവൃത്തികളുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) മഹാ പ്രളയത്തിൽ തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കണ്ണപ്പൻകുണ്ട്, മണൽവയൽ, കാക്കവയൽ, പനച്ചിക്കൽ എന്നീ സ്ഥലങ്ങളിലെയും കൂടരഞ്ഞി പഞ്ചായത്തിലെ കുമ്പാറ, പുഷ്പഗിരി, മുരുക്കുംതോട് എന്നിവിടങ്ങളിലെയും നാശനഷ്ടം സംഭവിച്ച തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പുഴ സംരക്ഷണത്തിനായി താഴെ പറയുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്.<br>1. കാരശ്ശേരി പഞ്ചായത്തിലെ മുക്കം ചോനാട് റോഡിൽ ഇരുവഞ്ഞിപ്പുഴയുടെ കരസംരക്ഷണം<br>2. കാരശ്ശേരി പഞ്ചായത്തിലെ പാലാക്കത്തോട്ടിൽ ചെറുപുഴയുടെ കരസംരക്ഷണം<br>3. കാരശ്ശേരി പഞ്ചായത്തിലെ മുക്കം കടവ് പാലത്തിന് മുകൾ ഭാഗത്ത് ഇരുവഞ്ഞിപ്പുഴയുടെ കരസംരക്ഷണം |

4. കൊടിയത്തൂർ പഞ്ചായത്തിലെ ചാലിയാർ പുഴയുടെ കരസംരക്ഷണം
5. തിരുവമ്പാടി പഞ്ചായത്തിലെ പുല്ലൂരാമ്പറ തുരുത്ത് ഇരുവഞ്ഞിപ്പുഴയുടെ കരസംരക്ഷണം
6. തിരവമ്പാടി പഞ്ചായത്തിലെ അനക്കംപ്പൊായിൽ ടൗണിന് സമീപം മുത്തപ്പൻ പുഴയുടെ സംരക്ഷണം.
7. കൊടിയത്തൂർ പഞ്ചായത്തിൽ കുയിൽപ്പറമ്പിൽ ഇരുവഞ്ഞിപ്പുഴയുടെ സംരക്ഷണം

**സെക്ഷൻ ഓഫീസർ**